**പതിനാലാംകേരള നിയമസഭ**
**രണ്ടാം സമ്മേളനം**
**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 23          26-09-2016 ൽ മറുപടിക്ക്**

## മന്ത്രിസഭാ തീരുമാനങ്ങൾ

| **ചോദ്യം**<br>ശ്രീ. പി. ബി. അബ്ദുൾ റസാക്ക് | **മറുപടി**<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|
| (എ) ഈ സർക്കാർ അധികാരമേറ്റത് മുതലുള്ള മന്ത്രിസഭാ തീരുമാനങ്ങളിലെല്ലാം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;<br><br>(ബി) ഇല്ലെങ്കിൽ ഉത്തരവാകാൻ ബാക്കിയുള്ളവയെ സംബന്ധിച്ച് വിശദവിവരം ലഭ്യമാക്കുമോ? | (എ) & (ബി) ഈ സർക്കാർ അധികാരമേറ്റതുമുതൽ 07/09/2016 വരെ നടന്ന 16 മന്ത്രിസഭായോഗങ്ങളിലായി ആകെ 290 ഇനങ്ങൾ പരിഗണനയ്ക്കായി വന്നിരുന്നു. അതിൽ 3 എണ്ണം മാറ്റി വയ്ക്കുകയും 3 എണ്ണം പിൻവലിക്കാൻ തീരുമാനിക്കുകയും ചെയ്തിരുന്നു. ശേഷിക്കുന്ന 284 ഇനങ്ങളിൽ തീരുമാനങ്ങൾ എടുത്തിട്ടുണ്ട്. അതിൽ ഒരെണ്ണം അംഗീകരിക്കേണ്ടതില്ലെന്ന് തീരുമാനിച്ചതും മറ്റൊരിനത്തിലെ തീരുമാനം ഉത്തരവായി പുറപ്പെടുവിക്കേണ്ടാത്തതുമാണ്. ബാക്കിയുള്ള 282 തീരുമാനങ്ങളിൽ 268 എണ്ണത്തിൽ ഉത്തരവ്/വിജ്ഞാപനം/ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. ചട്ടപ്രകാരമുള്ള നടപടി പൂർത്തീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കാൻ അവശേഷിക്കുന്ന 14 മന്ത്രിസഭായോഗ തീരുമാനങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

**ചട്ടപ്രകാരമുള്ള നടപടികൾ പൂർത്തീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കാൻ അവശേഷിക്കുന്ന തീരുമാനങ്ങൾ**

| ക്ര. നം | ഇനം. നം (തീയതി) | വിഷയം |
|---|---|---|
| 1 | 7 (25/05/2016) | ആസൂത്രണസാമ്പത്തിക കാര്യ വകുപ്പ് - സംസ്ഥാനത്തെ പതിമൂന്നാം പഞ്ചവൽസര പദ്ധതി ആരംഭിക്കുന്നത് സംബന്ധിച്ച് |
| 2 | 111 (20/07/2016) | പൊതുഭരണ (സൈനിക ക്ഷേമ) വകുപ്പ് - സൈനിക അർദ്ധ സൈനിക വിഭാഗങ്ങളിൽ സേവനത്തിലിരിക്കുമ്പോൾ ഔദ്യോഗിക കൃത്യ നിർവ്വഹണത്തിനിടെ മരണമടയുന്ന കേരളീയരുടെ ആശ്രിതർക്ക് സഹായം നൽകുന്നത് |
| 3 | 137 (27/07/2016) | മൽസ്യബന്ധന തുറമുഖ വകുപ്പ് - പ്രകൃതി ദുരന്തങ്ങളിൽ വള്ളം വല തുടങ്ങിയ മൽസ്യബന്ധനോപാധികൾക്കുണ്ടാകുന്ന നാശത്തിന് നഷ്ടപരിഹാരം കണക്കാക്കി നൽകുന്നതിനുള്ള ഒരു പദ്ധതി ആവിഷ്കരിക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തി |
| 4 | 173 (10/08/2016) | സഹകരണ വകുപ്പ് — സഹകരണ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ ഭർത്താവ് മരിച്ച സ്ത്രീകൾക്ക് 10 വയസ് ഇളവനുവദിക്കുന്നത് (12531/ബി1/2014/സഹ) 5 വർഷത്തെ ഇളവനുവദിക്കാൻ തീരുമാനിച്ചു. ഇതുപോലെ സർക്കാർ സർവ്വീസിലും ഭർത്താവ് മരിച്ച സ്ത്രീകൾക്ക് 5 വർഷത്തെ ഇളവനുവദിക്കുന്നതിന് ബന്ധപ്പെട്ട ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതിന് ഉദ്യോഗസ്ഥഭരണ പരിഷ്കരണ വകുപ്പിനെ ചുമതലപ്പെടുത്താൻ തീരുമാനിച്ചു. |
| 5 | 201 (19/08/2016) | സാംസ്കാരിക കാര്യ വകുപ്പ്- സംസ്ഥാന സർക്കാർ ജീവനക്കാർക്കുള്ള പത്താം ശമ്പള പരിഷ്കരണം വാസ്തുവിദ്യാ ഗുരുകുലത്തിലെ സ്ഥിരജീവനക്കാർക്ക് ബാധകമാക്കുന്നത് ബി3/25/2016/സാം.കാ.വ |
| 6 | 234 (25/08/2016) | റവന്യു വകുപ്പ് - വഖഫ് ട്രിബ്യൂണൽ പുനർരൂപീകരിക്കുന്നത് സംബന്ധിച്ച് 11670/എഫ്1/2014/റവ |
| 7 | 245 (31/08/2016) | ആഭ്യന്തര വകുപ്പ് -ജയിലുകൾ 2010 ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാൻമാർഗ്ഗീകരണ സേവനങ്ങളും (നിർവ്വഹണം) ആക്ടിലെ സെക്ഷൻ 78(2) ഭേദഗതി ചെയ്യുന്നത് സംബന്ധിച്ച് 63324/ബി1/2011/ആഭ്യന്തരം |
| 8 | 257 (31/08/2016) | പൊതുഭരണ വകുപ്പ്- സർക്കാരിന്റെ കാര്യനിർവ്വഹണ ചട്ടങ്ങളിൽ വകുപ്പിന്റെ പേരായ Backward Communities Development Department എന്നത് Backward Classes Development Department എന്ന് ഭേദഗതി വരുത്തുന്നത് 66945/എസ്.എസ്3/2015/പൊ.ഭ.വ |
| 9 | 264 (31/08/2016) | ജലവിഭവ വകുപ്പ് - പത്താം ശമ്പള പരിഷ്കരണ കമ്മീഷന്റെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ കേരള വാട്ടർ അതോറിട്ടി ജീവനക്കാരുടെ ശമ്പളവും ആനുകൂല്യങ്ങളും പരിഷ്കരിക്കുന്നത് 414188/സി2/2016/ജ.വി.വ |
| 10 | 269 (07/09/2016) | ആഭ്യന്തര വകുപ്പ് - ജയിലുകൾ വിയ്യൂർ സെൻട്രൽ ജയിൽ ഉപദേശക സമിതി ശുപാർശ ശ്രീ. മൂസ, ശ്രീ. ബാബു എന്നിവരുടെ അകാല വിടുതൽ |

| | | |
|---|---|---|
| | | 38004/ബി1/2016/ആഭ്യന്തരം |
| 11 | 273 (07/09/2016) | ഗതാഗത വകുപ്പ് - മൂല്യവർദ്ധിത നികുതിയും മറ്റ് ചാർജ്ജുകളും ഉൾപ്പെട്ട ക്രയ മൂല്യത്തിന്റെ അടിസ്ഥാനത്തിൽ 01/-04/-2007 മുതൽ 23/-07/-2014 വരെ മോട്ടോർ വാഹന നികുതി പിരിച്ചെടുത്തുകൊണ്ടിരുന്ന നടപടി മുൻകാല പ്രാബല്യത്തോടെ സാധൂകരിക്കുന്നതിനായി ഒരു വാലിഡേഷൻ ആക്റ്റ് അവതരിപ്പിക്കുന്നത് 21/ബി3/2014/ഗതാഗതം |
| 12 | 279 (07/09/2016) | ആഭ്യന്തര വകുപ്പ് -മുൻസിഫ് മജിസ്ട്രേറ്റ് മാരുടെ നിയമനം 46530/സി5/ 2016/ആഭ്യന്തരം |
| 13 | 280 (07/09/2016) | പൊതുഭരണ വകുപ്പ്- ശാസ്ത്ര സാങ്കേതിക വകുപ്പിൽ നിന്ന് കേരള കോസ്റ്റൽ സോൺ അതോറിറ്റിയുമായി ബന്ധപ്പെട്ട വിഷയം പരിസ്ഥിതി വകുപ്പിലേക്ക് മാറ്റുന്നത് 799002/എസ്.എസ്3/2016/പൊ.ഭ.വ |
| 14 | 284 (07/09/2016) | ആയുഷ് വകുപ്പ് - കോട്ടയ്ക്കൽ വൈദ്യരത്നം പി.എസ്. വാരിയർ ആയുർവേദ കോളേജിലെ രണ്ട് പി.ജി. സീറ്റുകൾ മാനേജ്മെന്റിന് നൽകിയ നടപടി പുന:പരിശോധിക്കുന്നത് സംബന്ധിച്ച് 232/എ 3/2016/ആയുഷ് |

സെക്ഷൻ ഓഫീസർ